**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മട്ടന്നൂർ നഗരസഭ – ബസ് സ്റ്റാന്റിൽ കൊമേഴ്സ്യൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 4,50,00,000/- (നാല് കോടി അമ്പത് ലക്ഷം) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം.2028/13/തസ്വഭവ തിരുവനന്തപുരം, തീയതി: 02.08.2013.

==========================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.

2) മട്ടന്നൂർ നഗരസഭയുടെ 02.05.2012-ലെ 1-)o നമ്പർ കൗൺസിൽ തീരുമാനം.

3) മട്ടന്നൂർ നഗരസഭ സെക്രട്ടറിയുടെ 16.01.2013-ലെ ഇ 1-8837/10 നമ്പർ കത്ത്.

4) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 26.03.2013-ലെ കെ.യു.ആർ.ഡി.എഫ്.സി/യു.എൽ.ബി/360/2013 നമ്പർ കത്ത്.

5) നഗരകാര്യ ഡയറക്ടറുടെ 19.06.2013-ലെ DC3-9179/13 നമ്പർ കത്ത്.

## ഉത്തരവ്

മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ്സ്റ്റാന്റിൽ കൊമേഴ്സ്യൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി 5,50,00,000/- ( അഞ്ച് കോടി അമ്പത് ലക്ഷം) രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം 3 (മൂന്ന്) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മട്ടന്നൂർ നഗരസഭയുടെ ബസ്സ്റ്റാന്റിൽ കൊമേഴ്സ്യൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി പഴശ്ശി വില്ലേജിലെ റീസർവ്വേ നം. 33/3-ൽ ഉൾപ്പെട്ട 150 സെന്റ് സ്ഥലം ജാമ്യമായി നൽകിക്കൊണ്ട്, പരാമർശം 1 (ഒന്ന്) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ

( . . .2)

4,50,00,000/- ( നാല് കോടി അമ്പത് ലക്ഷം) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം മട്ടന്നൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മട്ടന്നൂർ നഗരസഭ, കണ്ണൂർ.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (.ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ